# إرشـــاد الأئـــمـة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi, Ernakulam)
للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി:** 14/07/2017 **വിഷയം:** പ്രാക്കിനെ സൂക്ഷിക്കുക

وَلَا تَحْسَبَنَّ اللَّهَ غَافِلاً عَمَّا يَعْمَلُ...﴿إبراهيم :٤٢،٤٣﴾

➤ രണ്ട് വിധത്തിലുള്ള കടമകളാണ് നമുക്ക് പൂർത്തിയാക്കാനുള്ളത്. 1) അല്ലാഹുവിനോടുള്ള ബാധ്യതകൾ. ആരാധനകളായി നാം മനസ്സിലാക്കുന്ന കാര്യങ്ങൾ ഈ ഇനത്തിൽപെട്ടതാണ്.
2). സൃഷ്ടികളോടുള്ള ബാധ്യതകൾ. ആയിരക്കണക്കിന് നിയമങ്ങൾ ഈ രംഗത്ത് ഖുർആൻ, ഹദീസുകൾ പഠിപ്പിക്കുന്നുണ്ട്. സാമ്പത്തീകം, കുടുംബപരം, സാമൂഹ്യം, സാംസ്കാരികം, ഇടപെടലുകൾ എന്നിങ്ങനെ വിവിധ അധ്യായങ്ങളിലായി ഇവ പരന്നു കിടക്കുന്നു.

➤ ഇവ രണ്ടും പൂർത്തിയാക്കേണ്ടവരാണ് വിശ്വാസികൾ. അബുദ്ദർദാഅ്(റ)ന്റെ ജീവിതാനുഭവം ഇതിന്റെ തെളിവാണ്. അദ്ദേഹത്തെയും സൽമാനുൽ ഫാരിസി(റ)യെയും നബി (സ) വിഭവ പങ്കാളികളാക്കി.

عَنْ عَوْنِ قَالَ آخى النَّبِيُّ صلى الله عليه وسلم بَيْنَ سَلْمَانَ وَأَبِي الدَّرْدَاءِ. فَزَارَ سَلْمَانُ أَبَا الدَّرْدَاءِ فَرَأَى أُمَّ الدَّرْدَاءِ مُتَبَذِّلَةً فَقَالَ لَهَا مَا شَأْنُكِ قَالَتْ أَخُوكَ أَبُو الدَّرْدَاءِ لَيْسَ لَهُ حَاجَةٌ فِي الدُّنْيَا

(=ഒരിക്കൽ അബുദർദാഅ് (റ)ന്റെ വീട്ടിലെത്തിയ സൽമാൻ(റ) ഉമ്മു ദർദാഇനെ വിരൂപ ഭാവത്തിൽ കാണുകയുണ്ടായി. കാരണം

തേടിയപ്പോൾ അവരുടെ മറുപടി: താങ്കളുടെ സഹോദരന് ജീവിതത്തിൽ താൽപര്യമില്ലെന്നും രാത്രി നിസ്ക്കാരവും പകൽനോമ്പുമാണെന്നുമായിരുന്നു.) അപ്പോൾ സൽമാനുൽ ഫാരിസി(റ) അബുദ്ദർദാഅ് (റ)നെ ഉപദേശിച്ചത് ഇങ്ങനെയാണ്.

**إِنَّ لِرَبِّكَ عَلَيْكَ حَقًّا، وَلِنَفْسِكَ عَلَيْكَ حَقًّا، وَلأَهْلِكَ عَلَيْكَ حَقًّا، فَأَعْطِ كُلَّ ذِي حَقٍّ حَقَّهُ. فَأَتَى النَّبِيَّ صلى الله عليه وسلم فَذَكَرَ ذَلِكَ لَهُ. فَقَالَ النَّبِيُّ (ص) صَدَقَ سَلْمَانُ (متفق عليه)**

ഇതിൽ നിന്നും പടച്ചവനോടും പടപ്പിനോടും ബാധ്യത നിർവ്വഹിക്കൽ ഫർളാണെന്ന് വ്യക്തമായി.

- മനുഷ്യരോടുള്ള പ്രഥമ ബാധ്യത ഉപകാരം ചെയ്തില്ലെങ്കിലും അവരെ ഉപദ്രവിക്കാതിരിക്കലാണ്.

**يَحْيَى بْنَ مُعَاذٍ الرَّازِيَّ يَقُولُ: لِيَكُنْ حَظُّ الْمُؤمِنِ مِنْكَ ثَلَاثَةٌ،إِنْ لَمْ تَنْفَعْهُ فَلَا تَضُرَّهُ، وَإِنْ لَمْ تُفْرِحْهُ فَلَا تَغُمَّهُ ، وَإِنْ لَمْ تَمْدَحْهُ فَلَا تَذُمَّهُ(تنبيه الغافلين)**

(= നീ നല്ല മനുഷ്യനാകാൻ മൂന്ന് ഗുണമുണ്ടാകണം. ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിക്കരുത്.സന്തോഷിപ്പിച്ചില്ലെങ്കിലും വിഷമിപ്പിക്കരുത്.പ്രശംസിച്ചില്ലെങ്കിലും ആക്ഷേപിക്കരുത്.)

- അല്ലാഹുവിന് വേണ്ടിയുള്ള ഇബാദത്തുകൾ നടപ്പാക്കുമ്പോൾ പോലും മനുഷ്യന് വേദനിക്കാതെ ആകണം എന്നാണ് ഇസ്ലാമികാദ്ധ്യാപനം. ചരിത്രം: മുആദ്ബ്നു ജബൽ(റ)നെ ഹി: 9-10 വർഷംയമനിലേക്ക് ഗവർണറായി അയച്ചപ്പോൾ നബി(സ്വ) വലിയൊരു ഉപദേശം നൽകി.

**إِنَّكَ تَأْتِي قَوْمًا مِنْ أَهْلِ الْكِتَابِ فَادْعُهُمْ إِلَى شَهَادَةِ أَنْ لَا إِلَهَ إِلَّا اللَّهُ ... فَإِيَّاكَ وَكَرَائِمَ أَمْوَالِهِمْ وَاتَّقِ دَعْوَةَ الْمَظْلُومِ فَإِنَّهُ لَيسَ بَيْنَهَا**

وَبَيْنَ اللَّهِ حِجَابٌ(مسلم)

(= നീ സകാത്ത് വാങ്ങുമ്പോൾ മുന്തിയ ഇനം മാത്രം തെരഞ്ഞു പിടിച്ചെടുക്കാതെ സൂക്ഷിക്കണം. മർദ്ദിതന്റെ പ്രാർത്ഥന സൂക്ഷിക്കുക. അതിനും അല്ലാഹുവിനുമിടയിൽ മറയില്ല.)

ഇതിൽ ചില പാഠങ്ങളുണ്ട്. 1) സകാത്തിന്റെ വസ്തുക്കൾ കേടില്ലാത്തതായാൽ മതി. മുന്തിയ ഇനം മാത്രം തിരെഞ്ഞ് എടുത്താൽ ഉടമയുടെ മനസ് വേദനിക്കാൻ ഇടവരും. അതുണ്ടാകരുത്.

2) ആരാധനയുടെ പേരിലായാലും മനുഷ്യനെ വേദനിപ്പിക്കാതിരിക്കുക. 3) ഹൃദയവേദനയോടെ ഒരാൾ പ്രാർത്ഥിച്ചാൽ അതിന്റെ ഭവിഷത്ത് വലുതായിരിക്കും. അഥവാ മനുഷ്യന്റെ "പ്രാക്ക്" വലിയ ദൂഷ്യം വരുത്തും.

➢ ഇന്ന് നമ്മുടെ വാക്കും പ്രവർത്തിയും മറ്റുള്ളവരെ വേദനിപ്പിക്കുന്നു. മറ്റുള്ളവരെ പരിഹസിക്കുമ്പോൾ , അതിർത്തിയിൽ ചോല വളർത്തുമ്പോൾ, വഴിനടത്തം തടയുമ്പോൾ, അതിരുതർക്കം നടത്തുമ്പോൾ, വേസ്റ്റ് വലിച്ചെറിയുമ്പോൾ എത്രയോ മനുഷ്യർ വേദനിക്കുന്നു. നമ്മുടെ അധികാരം, തന്റേടം, സമ്പത്ത്, കുടുംബ ബലം, രാഷ്ട്രീയം ഒക്കെ മറ്റുള്ളവർ വേദനിക്കാൻ ഇടയാകരുത്.

➢ ഇന്നല്ലെങ്കിൽ നാളെ അത് തിരിച്ചടിയുണ്ടാക്കും. ഖേദത്തിന് കാരണമാകും

عَنْ أَبِي هُرَيْرَةَ قَالَ قال رسول الله (ص) " ثَلاَثَةٌ لا تُرَدُّ دَعْوَتُهُمْ الإِمَامُ الْعَادِلُ وَالصَّائِمُ حِينَ يُفْطِرُ وَدَعْوَةُ الْمَظْلُومِ يَرْفَعُهَا فَوْقَ الْغَمَامِ وَتُفَتَّحُ لَهَا أَبْوَابُ السَّمَاءِ وَيَقُولُ الرَّبُّ عَزَّ وَجَلَّ وَعِزَّتِي لأَنْصُرَنَّكِ وَلَوْ بَعْدَ حِينٍ (ترمذي)

(= 3 പ്രാർത്ഥനകൾ തട്ടപ്പെടില്ല... മർദ്ദിതന്റെ പ്രാർത്ഥന മേഘപാളികൾ കടന്നുപോകും. ആകാശവാതിലുകൾ അല്ലാഹു തുറ

ന്ന് കൊടുക്കും. അല്ലാഹു ആണയിട്ടു പറയും: നിന്നെ ഞാൻ സഹായിക്കും. ഇന്നല്ലെങ്കിൽ നാളെ.) (സിനിമാ രംഗത്തെ പുത്തൻ സംഭവ വികാസ ങ്ങൾ ഉദാഹരണം)

لا تَظْلِمَنَّ إذا ما كُنتَ مُقْتَدِراً * فَالظُّلْمُ مَرْتَعُهُ يُفْضِي إلى النَّدَمِ

تَنامُ عَيْنُكَ وَالمَظْلومُ مُنْتَبِهٌ * يَدْعُو عَلَيْكَ وَعَيْنُ اللهِ لَمْ تَنَمِ

(= നിന്റെ തണ്ടിന്റെ ബലത്തിൽ ആരെയും ദ്രോഹിക്കരുത്. അതിന്റെ പര്യവസാനം നെടും ഖേദമായിരിക്കും. നീ ഉറങ്ങുമ്പോൾ മർദ്ദിതൻ ഉണർന്നിരുന്ന് നിനക്കെതിരെ പ്രാർത്ഥിക്കും. അല്ലാഹുവും ഉറങ്ങാത്തവനാണ്. ഉടൻ സ്വീകരിക്കും.)

➢ ഇതിൽ ജാതിമതഭേദങ്ങളില്ല.

عَنْ أنس قال رسول الله (ص) اتَّقُوا دَعْوَةَ الْمَظْلُومِ وَإِنْ كَانَ كَافِرًا فَإِنَّهُ لَيْسَ دُونَهَا حِجَابٌ *عَنْ أَبِي هُرَيْرَةَ قال رسول الله (ص) دَعْوَةُ الْمَظْلُومِ مُسْتَجَابَةٌ وَإِنْ كَانَ فَاجِرًا ، فَفُجُورُهُ عَلَى نَفْسِهِ (أحمد)

(=മർദ്ദിതന്റെ പ്രാർത്ഥനക്ക് ഉത്തരമുണ്ട്. അവൻ ദുർമാർഗിയാണെങ്കിലും അവന്റെ വഴികേടിന് അവൻ അനുഭവിക്കേണ്ടിവരും.)

➢ നിസ്സഹായനായ മനുഷ്യനെ ആൾക്കൂട്ടം വളഞ്ഞിട്ട് ക്രൂരമായി മർദ്ദിക്കുമ്പോൾ അതിന്റെ ദുരന്തം തന്നെയും കുടുംബത്തെയും ക്രൂരമായി വേട്ടയാടും എന്നവർ അറിയുന്നില്ല. ഇതിന്റെ ചെറിയ രൂപങ്ങളാണ് കഴിവ് കുറഞ്ഞവരെ നാം പീഡിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നത്.

➢ ഇത് പരലോകത്തെ ഇരുളടഞ്ഞതാക്കും.

عَنْ جَابِرِ بْنِ عَبْدِ اللَّهِ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، كَانَ يَقُولُ : " اتَّقُوا الظُّلْمَ ، فَإِنَّ الظُّلْمَ ظُلُمَاتٌ يَوْمَ الْقِيَامَةِ ■

وَلَا تَحْسَبَنَّ اللَّهَ غَافِلاً عَمَّا يَعْمَلُ...﴿إبراهيم :٤٢،٤٣﴾